## പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 295 — 18-03-2013-ൽ മറുപടിയ്ക്ക്

### ഷെഡ്യൂൾഡ് കാസ്റ്റ് ആന്റ് ഷെഡ്യൂൾഡ് ട്രൈബ്സ് (പ്രിവൻഷൻ ഓഫ് അട്രോസിറ്റീസ്) ആക്ട്, 1989 പ്രകാരം രജിസ്റ്റർ ചെയ്ത കേസ്സുകൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. പുരുഷൻ കടലുണ്ടി | | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ((ബഹു. ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) | |
| (എ) | ഷെഡ്യൂൾഡ് കാസ്റ്റ്സ് ആന്റ് ഷെഡ്യൂൾഡ് ട്രൈബ്സ് (പ്രിവൻഷൻ ഓഫ് അട്രോസിറ്റീസ്) ആക്ട്, 1989 പ്രകാരം ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ പോലീസ് രജിസ്റ്റർ ചെയ്ത കേസ്സുകൾ എത്രയാണ് ; | (എ) | 1654 കേസ്സുകൾ. |
| (ബി) | ഈ നിയമ പ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ട മൊത്തം കേസ്സുകളിൽ ഇപ്പോഴും കോടതിയിൽ കുറ്റപത്രം നൽകിയിട്ടില്ലാത്തവ എത്ര ; | (ബി) | 499 കേസ്സുകൾ. |
| (സി) | മൊത്തം കേസ്സുകളിൽ അന്വേഷണം പൂർത്തിയാക്കിയിട്ടില്ലാത്തവ എത്ര ; അതിൽ രണ്ട് വർഷവും ഒരു വർഷവും പിന്നിട്ട കേസ്സുകൾ എത്ര ; | (സി) | മൊത്തം കേസ്സുകളിൽ അന്വേഷണം പൂർത്തിയാക്കിയിട്ടില്ലാത്ത 499 കേസ്സുകൾ ഉണ്ട്. അതിൽ രണ്ടു വർഷം പിന്നിട്ട 7 കേസ്സുകളും ഒരു വർഷം പിന്നിട്ട 51 കേസ്സുകളും ഉണ്ട്. |
| (ഡി) | പെൻഡിംഗിലുള്ള മൊത്തം കേസ്സുകളിൽ എത്രപേരെ ഇനിയും അറസ്റ്റ് ചെയ്യുവാൻ ഉണ്ട് ; | (ഡി) | പെൻഡിംഗിലുള്ള മൊത്തം കേസ്സുകളിൽ 505 പേരെ ഇനിയും അറസ്റ്റ് ചെയ്യുവാൻ ബാക്കിയുണ്ട്. |
| (ഇ) | ഇതിൽ സ്ത്രീകൾക്കും കുട്ടികൾക്കും നേരെ നടന്ന അതിക്രമങ്ങൾ എത്ര ; കൊലപാതക കേസ്സുകൾ എത്ര ; സ്ത്രീ പീഡന കേസുകൾ എത്ര ; ബലാത്സംഗ കേസ്സുകൾ എത്ര ; വ്യക്തമാക്കുമോ ? | (ഇ) | ഇതിൽ 491 കേസ്സുകൾ സ്ത്രീകൾക്കു നേരെ നടന്ന അതിക്രമങ്ങളും 81 എണ്ണം കുട്ടികൾക്കു നേരെ നടന്ന അതിക്രമങ്ങളും ഒരെണ്ണം കൊലപാതകവും 471 സ്ത്രീ പീഡനക്കേസ്സുകളും 332 ബലാൽസംഗ കേസ്സുകളും ഉണ്ട്. |

സെക്ഷൻ ഓഫീസർ